# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>എക്സൈസ് അക്കാദമി</u>

5003 ശ്രീ. ആര്‍. സെല്‍വരാജ്
,, അന്‍വര്‍ സാദത്ത്
,, കെ. മുരളീധരന്‍
,, ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എക്സൈസ് അക്കാദമി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ ഇതിന്റെ പ്രവര്‍ത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) എക്സൈസ് അക്കാദമിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(സി) എല്ലാ എക്സൈസ് ഉദ്യോഗസ്ഥരെയും പരിശീലിപ്പിക്കുന്നതിന് അക്കാദമി പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ഡി) അക്കാദമിയുടെ പ്രവര്‍ത്തനം വിപുലപ്പെടുത്തുന്നതിനും ആധുനിക കുറ്റാന്വേഷണ രീതികള്‍ പഠിപ്പിക്കുന്നതിനും ആവശ്യമായ ബോധനരീതി ഇവിടെ നടപ്പിലാക്കുവാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

**എക്സൈസ് സേനയ്ക്ക് വയര്‍ലെസ് സംവിധാനം**

5004 ശ്രീ. എം. പി. വിന്‍സെന്റ്
,, കെ. ശിവദാസന്‍ നായര്‍
,, റ്റി. എന്‍. പ്രതാപന്‍
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) എക്സൈസ് സേനയ്ക്ക് വയര്‍ലെസ് സംവിധാനം ഒരുക്കുവാന്‍ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സേനാ നവീകരണ പദ്ധതിയില്‍ വയര്‍ലസ് സംവിധാനത്തിന് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കില്‍ ഇതിന് വരുന്ന ചെലവ് വ്യക്തമാക്കാമോ;

(സി) ഫീല്‍ഡ് ഡ്യൂട്ടിയില്‍ ഏര്‍പ്പെടുന്ന എക്സൈസ് ഉദ്യോഗസ്ഥരെ വയര്‍ലസ് സംവിധാനത്തിലൂടെ ജില്ലാ ആസ്ഥാനത്തില്‍ ബന്ധിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) എക്സൈസ് സേനയെ ആധുനികവത്ക്കരിക്കുവാന്‍ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പിന്റെ 'റെഡ് അലർട്ട്' പ്രഖ്യാപനം</u>

5005 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് 'റെഡ് അലർട്ട്' പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്നു മുതലാണ് 'റെഡ് അലർട്ട്' പ്രഖ്യാപിച്ചത്; പ്രഖ്യാപിക്കാനുണ്ടായ സാഹചര്യം എന്താണ് ;

(സി) 'റെഡ് അലർട്ട്' പ്രഖ്യാപിച്ചാൽ എന്തൊക്കെ അടിയന്തര നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

അനധികൃത ലഹരി ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും തടയുന്നതിനായി നടപടി

5006 ശ്രീ. വർക്കല കഹാർ
,, എം. പി. വിൻസെന്റ്
,, പി. എ. മാധവൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃത ലഹരി ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) എക്സൈസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ബിവറേജസ് വരുമാന വര്‍ദ്ധനവ്</u>

5007 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

418 ബാറുകള്‍ അടച്ചു പൂട്ടിയശേഷം ബിവറേജസ് വരുമാനത്തില്‍ ശരാശരി മാസത്തില്‍ എത്ര കോടി രൂപയുടെ വര്‍ദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>മാവേലിക്കര താലൂക്ക് എക്സൈസ് ഓഫീസിന് സ്വന്തമായി കെട്ടിടം</u>

5008 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിലെ എക്സൈസ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എക്സൈസ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇതിലേക്കായി വകുപ്പുതല നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; ഫയൽ നമ്പർ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**30.06.2014–ലെ മറുപടിക്ക്**

<u>മദ്യനയം</u>

5009 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യനയം രൂപീകരിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ബി) മദ്യനയവുമായി ബന്ധപ്പെട്ട് പഠനങ്ങളോ അഭിപ്രായ രൂപീകരണമോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>അബ്കാരി നയം</u>

5010

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തേക്ക് സർക്കാരിന്റെ അബ്കാരി നയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ചില്ലറ മദ്യവില്പനശാലകളുടെ പ്രവർത്തനം പരിഷ്ക്കരിക്കൽ</u>

5011 ശ്രീ. ഇ. പി. ജയരാജൻ
,, സി. കെ. സദാശിവൻ
,, സാജു പോൾ
,, പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ മദ്യവില്പനശാലകളുടെ പ്രവർത്തനം പരിഷ്ക്കരിക്കേണ്ടത് സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതി നടത്തിയ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചില്ലറ മദ്യ വില്പനശാലകൾ പുതുക്കാനോ പുതുതായി ആരംഭിക്കാനോ ഉദ്ദേശ്യമുണ്ടോ;

(സി) ചില്ലറ മദ്യവില്പന ശാലകളിലുടെയും ബാറുകളിലൂടെയും കണക്കിൽപ്പെടാത്ത സെക്കന്റ്സ് മദ്യം വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>അനധികൃത സ്പിരിറ്റ് കടത്തിയതിന് പിടിച്ചെടുത്ത വാഹനങ്ങൾ</u>

5012 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അനധികൃത സ്പിരിറ്റ് കടത്തിൽ ഏർപ്പെട്ട എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ലിറ്റർ സ്പിരിറ്റാണ് ഈ വാഹനങ്ങളിൽ നിന്നും പിടിച്ചെടുത്തതെന്ന് ജില്ല, റേഞ്ച്, ചെക്ക് പോസ്റ്റ് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ അനധികൃത മദ്യ നിർമ്മാണം തടയുന്നതിന് നടപടി</u>

5013 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പല സ്ഥലങ്ങളിലും അനധികൃത മദ്യ നിർമ്മാണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അബ്കാരി നിയമപ്രകാരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് എന്നു വ്യക്തമാക്കാമോ;

(ഡി) അനധികൃത മദ്യ നിർമ്മാണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>വനിതാ എക്സൈസ് ഗാർഡ് നിയമനം</u>

5014 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ഏതെല്ലാം ആഫീസുകളിലാണ് വനിതാ എക്സൈസ് ഗാർഡുമാരെ നിയമിച്ചിട്ടുള്ളത് എന്നും അവരുടെ പ്രാതിനിധ്യ അനുപാതവും വെളിപ്പെടുത്താമോ;

(ബി) എക്സൈസ് സർക്കിൾ ആഫീസുകളിൽ വനിതാ എക്സൈസ് ഗാർഡുമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എക്സൈസ് റേഞ്ച് ആഫീസിൽ നിലവിലുള്ള വനിതാ എക്സൈസ് ഗാർഡുമാരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ/പ്യൂൺ തസ്തികയിലെ നിയമനം</u>

5015 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ/പ്യൂൺ തസ്തികയിലേക്ക് നിയമനം നടത്തുവാൻ പി.എസ്.സി തയ്യാറാക്കിയ നിയമന ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകുവാനാണ് കോർപ്പറേഷൻ പി.എസ്.സി യോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയെന്ന് അറിയിക്കുമോ;

(സി) ഈ തസ്തികയിലേക്ക് എത്രപേരുടെ ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പി.എസ്.സി തയ്യാറാക്കിയ അന്തിമ നിയമന പട്ടിക നിലവിൽ വന്നശേഷം മറ്റു വകുപ്പുകളിൽ നിന്നും ജീവനക്കാരെ ഈ തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേർ എന്ന് അറിയിക്കുമോ ?

## കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>വിദ്യാലയപരിസരങ്ങളിൽ ലഹരി വിൽപന</u>

5016 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലഹരിവസ്തുക്കളുടെ വിൽപന വിദ്യാലയപരിസരങ്ങളിൽ നടക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>മദ്യപാനികളുടെ ശല്ല്യപ്പെടുത്തലിനെതിരെ നടപടി</u>

5017 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനം നടത്തിവരുന്ന ഞാവേലിക്കോണം പോങ്ങനാട് റോഡിലേയ്ക്ക് കിളിമാനൂരിലെ സ്വകാര്യ ബാറിൽ നിന്നും മദ്യപിച്ചിറങ്ങുന്നവർ സ്ത്രീകളേയും കുട്ടികളേയും ശല്യപ്പെടുത്തുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എക്സൈസ് വകുപ്പ് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പൊതുവഴി ബാറുകൾക്ക് ഉപയോഗിക്കുവാൻ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ബാറിലേക്കുള്ള വഴി ബാറുടമയുടെ കൈവശമുള്ള ഭൂമിയിലൂടെയാക്കാനും, ഇപ്പോൾ പൊതുജനത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>തീരദേശസംരക്ഷണ നിയമത്തിൽ ഭേദഗതികൾ</u>

5018 ശ്രീ. സി. ദിവാകരൻ
,, കെ. അജിത്
,, ജി. എസ്. ജയലാൽ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട കേന്ദ്ര വിജ്ഞാപനത്തിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ഭേദഗതികൾ വരുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ഭേദഗതികളാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണം സംബന്ധിച്ച് ശാസ്ത്ര-സാങ്കേതികവും, തദ്ദേശ സ്വയംഭരണവും വകുപ്പുകൾ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; അവസാനമായി പുറപ്പെടുവിച്ച സർക്കുലറുകളിലെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) തീരദേശത്തുനിന്നും അഞ്ഞൂറ് മീറ്ററിനുള്ളിൽ വീട് വയ്ക്കുന്നതിന് സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിക്ക് സമർപ്പിക്കുന്ന അപേക്ഷകൾ സി.ആർ.ഇസഡ് നോട്ടിഫിക്കേഷൻ പ്രകാരം തള്ളിക്കളയുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>തീരദേശവികസന കോർപ്പറേഷൻ</u>

5019 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശവികസന കോർപ്പറേഷന്റെ അധീനതയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ പുതുതായി എന്തെങ്കിലും പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ പുളിക്കൽ പഞ്ചായത്തിൽ തുറമുഖ വകുപ്പിന്റെ അധീനതയിൽ കരിങ്കൽ ഖനനത്തിനായി ഏറ്റെടുത്ത ഭൂമി</u>

5020 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പുളിക്കൽ പഞ്ചായത്തിൽ തുറമുഖ വകുപ്പിന്റെ അധീനതയിൽ കരിങ്കൽ ഖനനത്തിനായി ഏറ്റെടുത്ത ഭൂമിയിൽ ഖനനം ചെയ്യാതെ ഭൂമി കിടപ്പുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ആകെ എത്ര സ്ഥലമുണ്ടെന്നും ഇതിൽ എത്ര ഭൂമി ഖനനം ചെയ്യാതെ ബാക്കിയുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) ഈ ഭൂമിയിൽ നിന്നു കരിങ്കൽ ഖനനം നടത്തുന്നതിന് അനുമതി തേടി വകുപ്പിനെ ആരെങ്കിലും സമീപിച്ചിട്ടുണ്ടോയെന്നും എങ്കിൽ ആരെല്ലാം അപേക്ഷ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; ഇതിൽ വകുപ്പ് എടുത്ത തീരുമാനം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ഡി) തുറമുഖ വകുപ്പിന് സ്ഥലം ആവശ്യമില്ലെങ്കിൽ ഗ്രാമപഞ്ചായത്തിന് പ്രസ്തുത സ്ഥലം കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്</u>

5021 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിലെ മീഞ്ചയിൽ അനുവദിച്ച മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) ഈ സ്ഥാപനം ഇപ്പോൾ എവിടെയാണ് പ്രവർത്തിക്കുന്നതെന്നുള്ള വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>മത്സ്യബന്ധന-തുറമുഖ വകുപ്പിലെ പദ്ധതി നിർവ്വഹണം</u>

5022 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന-തുറമുഖ വകുപ്പിൽ ഓരോ ഹെഡിലും സാമ്പത്തിക വർഷാവസാനങ്ങളിലുണ്ടായിട്ടുള്ള തുകകളുടെ കണക്ക് ലഭ്യമാക്കുമോ;

(ബി) ഇക്കാലയളവിൽ ഭരണാനുമതി നൽകിയിട്ടും നിർവ്വഹണം ആരംഭിക്കാത്ത എത്ര പദ്ധതികൾ ഉണ്ടായിരുന്നുവെന്ന് വിശദമാക്കാമോ ;

(സി) നബാർഡിൽ നിന്നും 2012-13, 2013-14 വർഷങ്ങളിൽ എന്ത് തുക മത്സ്യബന്ധന-തുറമുഖ വകുപ്പിന് ലഭിച്ചുവെന്നും ഏതെല്ലാം പദ്ധതികൾക്ക് അവ വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി പെൻഷൻ</u>

5023 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി പെൻഷൻ വാങ്ങുന്ന എത്ര തൊഴിലാളികളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് നൽകുന്ന പെൻഷൻ തുകയിൽ കുടിശ്ശിക വന്നിട്ടുണ്ടോ; എങ്കിൽ എത്രമാസത്തെ പെൻഷൻ തുകയാണ് കുടിശ്ശിക വന്നിട്ടുള്ളതെന്നും ഇത് എത്ര തുകവരുമെന്നും വിശദമാക്കാമോ;

(സി) പെൻഷൻ കുടിശ്ശിക തൊഴിലാളികൾക്ക് എന്ന് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>മത്സ്യബന്ധനബോട്ടുകൾക്ക് സബ്സിഡി നിരക്കിൽ ഇന്ധനം</u>

5024 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഡീസൽ വില വർദ്ധനവും കൂടിയ എച്ച്.പി.യുള്ള എഞ്ചിനുകളും ഉപയോഗിക്കുന്നത് മൂലം മത്സ്യബന്ധന ചെലവ് വർദ്ധിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ യന്ത്രവത്കൃത മത്സ്യബന്ധന ബോട്ടുകൾക്ക് കൂടുതൽ മണ്ണെണ്ണയും ഡീസലും സബ്സിഡി നിരക്കിൽ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മത്സ്യമേഖലയ്ക്കായി പ്രത്യേകം മണ്ണെണ്ണ ക്വാട്ട അനുവദിച്ച് നൽകാൻ പ്രധാനമന്ത്രിയ്ക്ക് നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേലുള്ള കേന്ദ്രസർക്കാർ തീരുമാനം ലഭിച്ചുവോ; ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 30.06.2014–ലെ മറുപടിക്ക്

<u>തണൽ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരായവർ</u>

5025 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കായി ആവിഷ്ക്കരിച്ച തണൽ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരായ എത്ര തൊഴിലാളികൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയിലേയ്ക്ക് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിനായി എത്ര തുകവേണ്ടി വരുമെന്നും വ്യക്തമാക്കുമോ;

(സി) സർക്കാർ ഇതുവരെ എത്ര തുക അനുവദിച്ചു;

(ഡി) ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനായി ഏർപ്പെടുത്തിയ എത്ര ബയോമെട്രിക് കാർഡുകളുടെ വിതരണം ഇനിയും ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>തണൽ പദ്ധതി</u>

T5026 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, കെ. അജിത്
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തണൽ പദ്ധതി ആരംഭിച്ചതെന്നാണ്; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ മത്സ്യത്തൊഴിലാളിക്കും എത്ര രൂപ വീതം ലഭിക്കും; പ്രസ്തുത തുക വിതരണം ചെയ്യുന്നതിനുളള ചുമതല ആർക്കാണ്; പ്രസ്തുത പദ്ധതിക്കായി എത്ര തുക അനുവദിച്ചു.;

(സി) സംസ്ഥാനത്ത് എത്ര മത്സ്യ ഗ്രാമങ്ങളുണ്ട്; ഓരോ മത്സ്യഗ്രാമത്തിലും ഇതിനായുളള അപേക്ഷകൾ തീർപ്പാകാതെ കിടപ്പുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ആകെ എത്ര മത്സ്യത്തൊഴിലാളികൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ഇതുവരെ ലഭിച്ചിട്ടില്ലെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

ആലപ്പുഴ ജില്ലയിലെ മത്സ്യ സമൃദ്ധി പദ്ധതി

5027 ശ്രീ. ജി സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യസമൃദ്ധി പദ്ധതി പ്രകാരം എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) 2013-14 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി നീക്കി വെച്ച തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ</u>

5028 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) മത്സ്യ കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>കേരള തീരത്തെ മത്സ്യലഭ്യത</u>

5029 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, കെ. എം. ഷാജി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരള തീരത്തെ മത്സ്യലഭ്യത സംബന്ധിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം പുറത്തിറക്കിയ സ്ഥിതിവിവരകണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ആധുനിക മത്സ്യമാർക്കറ്റുകൾ</u>

5030 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' കെ. മുരളീധരൻ
'' ആർ. സെൽവരാജ്
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധുനിക മത്സ്യമാർക്കറ്റുകളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് മാർക്കറ്റുകളിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) മാർക്കറ്റിലെ മാലിന്യങ്ങൾ സംസ്കരിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് മാർക്കറ്റുകളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ആരുടെയെല്ലാം സംയുക്ത സംരംഭത്തിലാണ് ഇവയുടെ പ്രവർത്തനം നടക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>പുതിയങ്ങാടി മാതൃകാ മത്സ്യഗ്രാമം</u>

5031 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടിയെ 'മാതൃകാ മത്സ്യഗ്രാമം' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>'മത്സ്യ സമൃദ്ധി' പദ്ധതി</u>

5032 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'മത്സ്യ സമൃദ്ധി' പദ്ധതി പ്രകാരം മത്സ്യകർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യം യഥാസമയം ലഭ്യമാക്കിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) 'മത്സ്യ സമൃദ്ധി' പദ്ധതി പ്രകാരം മലപ്പുറം ജില്ലയിലെ കൃഷിക്കാർക്ക് ഏത് കാലയളവു മുതലുള്ള ഓണറേറിയം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകുമോ;

(സി) മത്സ്യകർഷകർക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>മത്സ്യഗ്രാമം പദ്ധതിയുടെ നടത്തിപ്പിന് വേണ്ട ഉദ്യോഗസ്ഥര്‍</u>

5033 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മത്സ്യഗ്രാമം പദ്ധതിയുടെ നടത്തിപ്പിനായി എത്ര ഫിഷറീസ് ഓഫീസര്‍മാര്‍ ആവശ്യമാണെന്നും ഇപ്പോള്‍ എത്രപേര്‍ ഉണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടര്‍മാരായി എത്രപേര്‍ ജോലിനോക്കുന്നുണ്ടെന്നും ഈ തസ്തികയില്‍ നിലവില്‍ എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കാമോ;

(സി) തീരദേശത്തെ സുരക്ഷാ സഹായ കേന്ദ്രങ്ങളായി പ്രവര്‍ത്തിക്കുന്ന മറൈന്‍ എന്‍ഫോഴ്സ്മെന്റ് വിംഗില്‍ എസ്.ഐ, ഹെഡ്ഗാര്‍ഡ്, ഗാര്‍ഡ് തുടങ്ങിയ തസ്തികകളില്‍ എത്ര ഒഴിവുകള്‍ ഉണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

മത്സ്യക്കയറ്റുമതിയിൽ നിന്നുമുള്ള വരുമാനം

5034

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013 – 14 സാമ്പത്തിക വർഷത്തിൽ മത്സ്യക്കയറ്റുമതിയിൽ നിന്നും എത്ര വരുമാനം ഉണ്ടായി എന്നു വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന പദ്ധതി

5035 ശ്രീ. കെ. മുരളീധരൻ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ മൽസ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലേക്ക് അർഹരായവരെ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്താണ്; ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.06.2014–ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

5036 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതിന് എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ–അൺ എയ്ഡഡ് – സ്വാശ്രയ സ്ഥാപനങ്ങളിലും വിദേശത്തും പഠനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് അനുവദിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

മത്സ്യതൊഴിലാളി ക്ഷേമത്തിനായി പദ്ധതികൾ

5037 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യതൊഴിലാളി ക്ഷേമ പദ്ധതി സംബന്ധിച്ച് ചർച്ചകളും തീരുമാനങ്ങളും കൈക്കൊണ്ടിട്ടുണ്ടോ; ഏതെല്ലാം തലങ്ങളിലാണ് ഇതു സംബന്ധിച്ച ചർച്ചകൾ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) മിഷൻ 676 ൽ പ്പെടുത്തി മത്സ്യതൊഴിലാളി ക്ഷേമത്തിനായി വകയിരുത്തി വിവിധ ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ</u>

5038 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. ചന്ദ്രശേഖരൻ
'' ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സ്കൂൾ-കോളേജ് തലങ്ങളിൽ പഠിക്കുന്ന മക്കൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; എങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര കുട്ടികൾക്ക് ഇത്തരം ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം ആനുകൂല്യങ്ങൾ കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ 2012-13, 2013-14 വർഷങ്ങളിൽ ആകെ എത്ര തുക കുടിശ്ശികയായി; ഇത്തരത്തിൽ കുടിശ്ശിക വരാനുള്ള കാരണങ്ങൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**30.06.2014-ലെ മറുപടിക്ക്**

<u>ശുചിത്വതീരം പദ്ധതി</u>

5039 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുചിത്വതീരം പദ്ധതിയനുസരിച്ച് മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി, അമ്പലപ്പുഴ മണ്ഡലത്തിലെ തീരദേശമേഖല സമ്പൂർണ്ണ ശുചിത്വ തീരമായി പ്രഖ്യാപിക്കുവാൻ പദ്ധതി ആവിഷ്കരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് ഓരോ മത്സ്യത്തൊഴിലാളി കുടുംബത്തിനും എത്ര രൂപ അനുവദിക്കുവാനാണ് വ്യവസ്ഥയുള്ളത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനസഹായം</u>

5040 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനം സാദ്ധ്യമല്ലാത്ത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് ഉപജീവന സഹായം ലഭ്യമാക്കുന്നതിന് 2013-14 ബഡ്ജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപദ്ധതിയ്ക്കായി തിരുവനന്തപുരം ജില്ലയ്ക്ക് അനുവദിച്ച തുകയെത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഈ തുകയിൽ ഓരോ മത്സ്യഗ്രാമത്തിനുമായി ചെലവഴിക്കപ്പെട്ടത് എത്രയെന്ന് മത്സ്യഗ്രാമം തിരിച്ച് നൽകാമോ; ഉപജീവനസഹായത്തിനായി ഓരോ മത്സ്യഗ്രാമങ്ങളിൽ നിന്നും എത്ര അപേക്ഷയുണ്ടായിരുന്നുവെന്നും എത്ര പേർക്ക് ധനസഹായം നൽകിയെന്നും പറയാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

ജലജീവികൾക്ക് ആശുപത്രി

5041 ശ്രീ. ജോസഫ് വാഴക്കൻ
,, വി.റ്റി. ബൽറാം
,, എം.പി. വിൻസെന്റ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് സർവ്വകലാശാലയിൽ ജലജീവികൾക്ക് മാത്രമായി ആശുപത്രി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) ഇതിനായി ദേശീയ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡ് എന്ത് തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ആശുപത്രി തുടങ്ങുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സ്റ്റൈപ്പന്റ്</u>

5042 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സ്റ്റൈപ്പന്റ് ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) യഥാസമയം സ്റ്റൈപ്പന്റ് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഏതു തീയതി മുതലുള്ള സ്റ്റൈപ്പന്റാണ് വിതരണം ചെയ്യാനുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ മുമ്പിൽ വന്ന അപേക്ഷകൾ</u>

5043 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് മുന്നിൽ എത്ര അപേക്ഷകൾ വന്നിട്ടുണ്ടെന്നും ആകെ എത്ര തുകയ്ക്കുള്ളതാണെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര അപേക്ഷകൾ ഇതുവരെ പരിഗണനയിലെടുത്തുവെന്നും ഇവയിൽ എത്രപേരുടെ വായ്പ എഴുതിത്തളളാൻ തീരുമാനിച്ചുവെന്നും ഇത് എത്ര തുക വരുമെന്നും വ്യക്തമാക്കുമോ;

(സി) ഇതിനായി സർക്കാർ ഇതുവരെ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>തുറമുഖവകുപ്പ് തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പ്രവൃത്തികൾ</u>

5044 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തുറമുഖ വകുപ്പ് തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പ്രവൃത്തികൾ എന്തൊക്കെയെന്നും അതിന് വേണ്ടി ചെലവഴിച്ച തുകയെത്രയെന്നും വ്യക്തമാക്കുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം തുറമുഖ വകുപ്പിൻ കീഴിൽ തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കാൻ തെരഞ്ഞെടുത്തിട്ടുള്ള പ്രവൃത്തികളുടെ മുൻഗണനാ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ജില്ലയിൽ വകുപ്പിൻകീഴിലുള്ള ഏതെങ്കിലും പ്രവൃത്തികൾ മുടങ്ങി കിടപ്പുണ്ടോ; ഉണ്ടെങ്കിൽ എന്തുകാരണത്താലാണ് മുടങ്ങി കിടക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>കായിക്കര പാലത്തിന്റെ നിർമ്മാണം</u>

5045 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായിക്കര പാലത്തിന്റെ നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പാലം നിർമ്മാണത്തിന് എത്ര കോടി രൂപ വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>തീരദേശ കപ്പൽ ഗതാഗത പദ്ധതി</u>

5046 ശ്രീ. ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്
,, എം. എ വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെയും വ്യവസായ ശാലകളുടെയും ചരക്ക് നീക്കം തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ നടത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം തുറമുഖങ്ങളിൽ കൂടി ചരക്ക് നീക്കം നടത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇതുമൂലം ചരക്ക് നീക്കങ്ങൾക്കുള്ള ചെലവ് കരമാർഗ്ഗത്തെക്കാൾ എത്രത്തോളം കുറയുമെന്ന് വിശദമാക്കാമോ;

(ഡി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയനുസരിച്ച് നൽകുന്ന ഇൻസെന്റീവ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബാധകമാകുമോ; വിശദാംശങ്ങൾ നൽകാമോ?

## കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് മത്സ്യബന്ധന തുറമുഖം</u>

5047 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിനു എന്നാണ് തറക്കല്ലിട്ടതെന്നും ഇതിന്റെ നിർമ്മാണം ഏത് കരാറുകാരനെ/സ്ഥാപനത്തെയാണ് ഏൽപ്പിച്ചതെന്നും നിർമ്മാണ കാലാവധി എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ തുറമുഖത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഉദ്ഘാടനം എപ്പോൾ നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>കുറ്റ്യാടി മണ്ഡലത്തിലെ ഫിഷറീസ് റോഡുകൾ</u>

5048 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കുറ്റ്യാടി മണ്ഡലത്തിൽ നടപ്പാക്കുന്നതിന് ഭരണാനുമതിക്കായി സമർപ്പിച്ച റോഡ് പ്രവൃത്തികൾ ഏതൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തികൾക്ക് എപ്പോൾ ഭരണാനുമതി നൽകുമെന്നും വ്യക്തമാക്കുമോ;

(ബി) കുറ്റ്യാടി മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ നബാർഡിന് സമർപ്പിച്ചുവെന്നും ആയതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്തെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>നിരോധിത വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ നടപടി</u>

5049 ശ്രീ; എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യക്കുഞ്ഞുങ്ങളെ വ്യാപകമായി പിടിച്ചെടുത്ത് വളത്തിനും, മറ്റാവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരോധിത വലകൾ ഉപയോഗിച്ച് വലിയ അളവിൽ മത്സ്യക്കുഞ്ഞുങ്ങളെ പിടിച്ചെടുക്കുന്നവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇത്തരത്തിലുള്ള കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

## കണ്ണൂർ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലെ തസ്തികകൾ

5050 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ മറൈൻ എൻഫോഴ്സ്മെന്റ് യൂണിറ്റിൽ ഉൾപ്പെടെ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്നും,ഇവയിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും വിശദമാക്കുമോ;

(ബി) കാലവർഷത്തിനു മുന്നോടിയായി രക്ഷാപ്രവർത്തനത്തിനും അനധികൃത മീൻ പിടുത്തം തടയുന്നതിനും വേണ്ടി എത്ര ജീവനക്കാരെ അധികമായി നിയമിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) മഴക്കാലങ്ങളിൽ സാധാരണയായി രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് അധികമായി നിയമിക്കാറുള്ള പോലീസുകാരെയും ഗാർഡുമാരെയും ഈ വർഷം നിയമിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>എയര്‍ കേരള പദ്ധതി</u>

T5051 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എയര്‍ കേരള പദ്ധതി ഏതു ഘട്ടത്തിലാണ്;

(ബി) എയര്‍ കേരള പദ്ധതി പ്രാവര്‍ത്തികമാകുമോ;

(സി) വിമാന കമ്പനി തുടങ്ങാന്‍ പദ്ധതിയില്ലെങ്കില്‍ ഗള്‍ഫ് മലയാളികളുടെ യാത്രാപ്രശ്നത്തിന് പരിഹാരം കാണാന്‍ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

## കഞ്ചാവ് വിൽപ്പനക്കെതിരെ നടപടി

5052 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഞ്ചാവ് വില്പന നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കിലോ കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ട്;

(സി) ഇതുമായി ബന്ധപ്പെട്ട് എത്രപേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്;

(ഡി) കഞ്ചാവ് ലോബിയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ഉൾനാടൻ ജലഗതാഗതനിയമം</u>

T5053 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലഗതാഗതനിയമം നിലവിൽവന്നിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമപ്രകാരം ഹൗസ്ബോട്ട് വ്യവസായത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഹൗസ്ബോട്ടുകളുടെ നിയന്ത്രണത്തിന് എന്തെല്ലാം വ്യവസ്ഥകളാണ് പ്രസ്തുത നിയമത്തിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ?